LIBRARY ARCHIVES Kerala Legislative Assembly

## ഇക്കോ-ടൂറിസം പദ്ധതിയുടെ നവീകരണം

320 (2609) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി- പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഇക്കോ-ടൂറിസം പദ്ധതികളുടെ പ്രവർത്തനങ്ങളെ കുറിച്ച് വിലയിരുത്തലുകൾ നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ കണ്ടെത്തലുകൾ വിശദമാക്കാമോ ;

(സി) പ്രസ്തുത പദ്ധതിക്കായി കഴിഞ്ഞ സാമ്പത്തിക വർഷം നീക്കിവെച്ച തുകയിൽനിന്ന് എത്ര ശതമാനം തുക ചെലവഴിച്ചിട്ടുണ്ട് ;

(ഡി) ഇക്കോ-ടൂറിസം പദ്ധതികളുടെ പുനരുദ്ധാരണത്തിനായി വിദേശ രാജ്യങ്ങളുടെ മാതൃക സ്വീകരിക്കുന്നതുൾപ്പെടെയുള്ള നൂതന ആശയങ്ങൾ നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ ?

### ഉത്തരം

(എ & ബി) സംസ്ഥാനത്തിലാകമാനമുള്ള ഇക്കോ-ടൂറിസം പദ്ധതികളെക്കുറിച്ച് മൊത്തമായി വിലയിരുത്തൽ നടത്തിയിട്ടില്ല. എങ്കിലും വാർഷിക പദ്ധതികളെക്കുറിച്ച് വിലയിരുത്തൽ നടത്തുകയും ബന്ധപ്പെട്ട ഏജൻസികളിൽ നിന്ന് പ്രവർത്തന പുരോഗതി റിപ്പോർട്ട് തേടാറുമുണ്ട്.

(സി) ഇക്കോ-ടൂറിസം പദ്ധതികൾക്കായി കഴിഞ്ഞ സാമ്പത്തിക വർഷം നീക്കിവെച്ച മുഴുവൻ തുകയും (100%) ചെലവഴിച്ചിട്ടുണ്ട്.

(ഡി) ഇക്കോ-ടൂറിസം പദ്ധതികളുടെ പുനരുദ്ധാരണത്തിനായി നൂതനാശയങ്ങൾ നടപ്പിലാക്കിവരുന്നുണ്ട്. വനസംരക്ഷണനിയമം, പരിസ്ഥിതി സംരക്ഷണ നിയമം എന്നിവയ്ക്ക് വിധേയമായി മാത്രമേ ഇക്കോ-ടൂറിസം പദ്ധതികൾ നടപ്പിലാക്കുവാൻ സാധിക്കുകയുള്ളു.

## പരിസ്ഥിതി സൗഹൃദ ടൂറിസം

321 (2610) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിസ്ഥിതി സൗഹൃദ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികളെന്തെല്ലാം ;

(ബി) പരിസ്ഥിതി സൗഹൃദ ടൂറിസവുമായി ബന്ധപ്പെട്ട് പുതിയതായി നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് അറിയിക്കുമോ ;

(സി) പരിസ്ഥിതി സൗഹൃദ ടൂറിസവുമായി ബന്ധപ്പെട്ട് ഈ സർക്കാർ ചെലവിട്ട തുക പദ്ധതിയടിസ്ഥാനത്തിൽ അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിനോദസഞ്ചാര മേഖലയിലെ പുതിയ സങ്കല്പമാണ് ഇക്കോ-ടൂറിസം. പരിസ്ഥിതിയുടെ സംസ്കാരവും ചരിത്രവും മനസ്സിലാക്കാനുള്ള സഞ്ചാരമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. തദ്ദേശീയർക്ക് പ്രയോജനപ്രദമായ രീതിയിൽ പ്രകൃതി സമ്പത്ത് സംരക്ഷിച്ചുകൊണ്ട് പദ്ധതികൾ നടപ്പിലാക്കുകയാണ് ഇക്കോ-ടൂറിസത്തിന്റെ ശൈലി. ഇത്തരത്തിൽ പ്രധാന ഇക്കോ-ടൂറിസം പദ്ധതികൾ നടപ്പിലാക്കിയത് ഇക്കോടൂറിസം കേന്ദ്രങ്ങളായ തെന്മല, കൊച്ചുപമ്പ (ഗവി), വെള്ളിക്കീൽ, അരിപ്പ, ചെല്ലാർകോവിൽ, കന്മല, പൊന്മുടി എന്നിവിടങ്ങളിലാണ് നിലവിലുള്ള ഇക്കോ-ടൂറിസം പദ്ധതികളുടെ പുനരുദ്ധാരണത്തിന് ആവശ്യമായ തുടർസഹായങ്ങളും ഈ കാലഘട്ടത്തിൽ ലഭ്യമാക്കി. പൊന്മുടിയിലെ ഇക്കോടൂറിസം നിർമ്മാണ പ്രവർത്തനങ്ങൾ 100 ദിവസത്തിനകം പൂർത്തീകരിക്കുവാൻ കഴിഞ്ഞു. ഇക്കോടൂറിസവുമായി ബന്ധപ്പെട്ട പരിശീലന പരിപാടികളും നടത്താറുണ്ട്.

(ബി) പുതിയ പദ്ധതികൾക്കാവശ്യമായ പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ബന്ധപ്പെട്ട ഏജൻസികളോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇത് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതികൾ നിശ്ചയിക്കുന്നതാണ്.

(സി) 2011-2012

| | | |
|---|---|---|
| 1. | മലബാർ മാൻഗ്രൂവ് ഡോക്യുമെന്ററി നിർമ്മാണം | - 2,90,000 രൂപ |
| 2. | ശെന്തരുണിയിലെ മാൻപുനരധിവാസകേന്ദ്രം | - 4,00,000 രൂപ |
| 3. | പറമ്പിക്കുളം ഇക്കോ-ടൂറിസം പദ്ധതി | - 15,73,349 രൂപ |
| 4. | കുടുക്കത്തുപാറ ഇക്കോ-ടൂറിസം പദ്ധതി | - 7,25,000 രൂപ |
| 5. | അഡീഷണൽ അറ്റ് തെന്മല ഇക്കോ-ടൂറിസം പദ്ധതി | - 49,20,000 രൂപ |
| 6. | ജഡായുപാറ വേലി നിർമ്മാണം (ആദ്യ ഗഡു) | - 24,48,000 രൂപ |
| 7. | സൈലന്റുവാലി ഇക്കോ-ടൂറിസം പദ്ധതി | - 12,00,000 രൂപ |
| 8. | പൊന്മുടി ഇക്കോ-ടൂറിസം പദ്ധതി | - 72,00,000 രൂപ |
| 9. | സർട്ടിഫിക്കറ്റ് കോഴ്സ് | - 3,89,651 രൂപ |
| | ആകെ | - 1,91,46,000 രൂപ |

2012-2013

| | | |
|---|---|---|
| 1. | മലബാർ മാൻഗ്രൂവ് ഡോക്യുമെന്ററി നിർമ്മാണം | - 2,90,000 രൂപ |
| 2. | സർട്ടിഫിക്കറ്റ് കോഴ്സ് | - 9,51,599 രൂപ |
| 3. | ചെല്ലാർകോവിൽ ഇക്കോ-ടൂറിസം പദ്ധതി | - 10,84,375 രൂപ |
| 4. | അരിപ്പ ഇക്കോ-ടൂറിസം പദ്ധതി | - 43,95,839 രൂപ |

5. അന്താരാഷ്ട്ര മൗണ്ടൻ സൈക്ലിംഗ് മത്സരം 2012 - 50,00,000 രൂപ
6. അഡീഷണൽ അറ്റ് തെന്മല ഇക്കോ-ടൂറിസം പദ്ധതി - 1,30,92,000 രൂപ
7. കമ്പമല ഇക്കോ-ടൂറിസം പദ്ധതി - 10,35,000 രൂപ
8. പൊന്മുടി ഇക്കോ-ടൂറിസം പദ്ധതി - 15,05,233 രൂപ

ആകെ - 2,73,54,046 രൂപ

2013-14

1. ചെല്ലാർകോവിൽ ഇക്കോ-ടൂറിസം പദ്ധതി - 10,84,375 രൂപ
2. തെന്മലയിലെ പ്രോഡക്ട്/ഇൻഫ്രാസ്ട്രക്ചർ പദ്ധതി - 76,30,000 രൂപ
3. കൊച്ചുപമ്പ ഇക്കോ-ടൂറിസം പദ്ധതി - 33,50,000 രൂപ
4. വെള്ളിക്കീൽ ഇക്കോ-ടൂറിസം പദ്ധതി - 43,20,000 രൂപ
5. അന്താരാഷ്ട്ര മൗണ്ടൻ സൈക്ലിംഗ് മത്സരം 2013 - 50,00,000 രൂപ
6. ജഡായുപാറ വേലി നിർമ്മാണം - 6,12,000 രൂപ
7. അഡീഷണൽ അറ്റ് തെന്മല ഇക്കോ-ടൂറിസം പദ്ധതി - 32,73,000 രൂപ
8. അരിപ്പ ഇക്കോ-ടൂറിസം പദ്ധതി - 14,54,161 രൂപ
9. കമ്പമല ഇക്കോ-ടൂറിസം പദ്ധതി - 10,35,000 രൂപ
10. മരുതിമല ഇക്കോ-ടൂറിസം പദ്ധതി - 25,00,000 രൂപ
11. അഡ്വഞ്ചർ ടൂറിസം പ്രമോഷൻ സൊസൈറ്റി - 7,71,366 രൂപ

ആകെ - 3,10,29,902 രൂപ

## സ്വകാര്യ മേഖലയിലെ ടൂറിസം പദ്ധതികൾക്ക് വിനോദ നികുതിയിളവ്

322 (2611) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വകാര്യമേഖലയിലും സ്വകാര്യ പങ്കാളിത്തത്തിലും നടക്കുന്ന ടൂറിസ്റ്റ് പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കേന്ദ്രങ്ങളിലെ പ്രവേശന ടിക്കറ്റുകൾക്ക് വിനോദ നികുതിയിളവ് നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

(സി) സ്വകാര്യമേഖലയിലെ എത്ര വിനോദ ടൂറിസ്റ്റ് കേന്ദ്രങ്ങൾ വിനോദ നികുതിയിനത്തിൽ കുടിശ്ശിക അടയ്ക്കാനുണ്ടെന്ന് പേരുസഹിതം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly